**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നം.294** | | **19.06.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **ശുചിത്വ പദ്ധതികൾ നടപ്പാക്കുന്ന ഏജൻസികൾ** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.പി.ഉബൈദുള്ള**<br>**,, ടി.എ.അഹമ്മദ് കബീർ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് മാലിന്യസംസ്കരണ ചുമതല നിർവ്വഹിക്കുന്നതിനും ശുചിത്വ പദ്ധതികൾ നടപ്പാക്കുന്നതിനുമായി ഏതൊക്കെ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മാലിന്യ സംസ്കരണ ചുമതല നിർവ്വഹിക്കുന്നതിനും ശുചിത്വ പദ്ധതികൾ നടപ്പാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നീ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. ഹരിതകേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ശുചിത്വ മിഷൻ മുഖേനയാണ്. |
| (ബി) | ഈ ഏജൻസികൾ ഓരോന്നും എന്തൊക്കെ ചുമതലകളാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ശുചിത്വ മിഷൻ സംസ്ഥാനത്തെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുകയും സർക്കാരിൽ നിന്ന് വിവിധ പദ്ധതികളിലൂടെ ലഭിക്കുന്ന സാമ്പത്തിക സഹായം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന പദ്ധതികൾക്ക് അനുസൃതമായി ലഭ്യമാക്കുകയും ചെയ്തു വരുന്നു. ശുചിത്വ മിഷന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്.<br>• ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ ആശയ രൂപീകരണം.<br>• കർമ്മപരിപാടികൾ ആസൂത്രണം ചെയ്യൽ.<br>• സൃഷ്ടിപരമായ ശില്പശാലകൾ, പരിശീലനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ<br>• മേഖലാ സംബന്ധിയായ പഠനഗവേഷണങ്ങൾ, സന്ദർഭോചിതമായ പ്രസിദ്ധീകരണങ്ങൾ തുടങ്ങി മാലിന്യ-സംസ്കരണമേഖലയിലെ മറ്റു പ്രവർത്തനങ്ങൾ.<br>• സ്വച്ഛ് ഭാരത് മിഷൻ (നഗരം), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെൻറ് യൂണിറ്റ് (സി.സി.ഡി.യു) എന്നിവ നടപ്പിലാക്കാനുള്ള സംസ്ഥാന നോഡൽ ഏജൻസി.<br>• ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ- |

മാലിന്യ സംസ്കരണ മേഖലകളിൽ നിർദ്ദേശിച്ചിട്ടുള്ള കർമ്മപരിപാടികളുടെ നിർവ്വഹണ ഏജൻസി.

- മാലിന്യ സംസ്കരണ നയം തയ്യാറാക്കുക
- ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും നൽകുക
- കേന്ദ്ര പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഖരമലിന്യ പരിപാലന ചട്ടം 2016 അനുസരിച്ച് സംസ്ഥാനത്തെ മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുക

അജൈവമാലിന്യ സംസ്കരണം പ്രധാനമായും പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവയുടെ പുന:ചംക്രമണവും, ശാസ്ത്രീയമായ സംസ്കരണവുമാണ് ക്ലീൻ കേരള കമ്പനിയുടെ പ്രധാന പ്രവർത്തന ലക്ഷ്യം.

ക്ലീൻ കേരള കമ്പനിയുടെ ചുമതലകൾ ചുവടെ ചേർക്കുന്നു

- ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണം
- ഇലക്ട്രോണിക് മാലിന്യങ്ങളുടെ പുന:ചംക്രമണം
- റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഷ്രെഡ്ഡ്ഡ് പ്ലാസ്റ്റിക്കുകളുടെ ഉൽപ്പാദനവും, വിപണനവും
- റിസോർസ് റിക്കവറി ഫെസിലിറ്റികളുടെ യന്ത്രവൽക്കരണം
- റിസോർസ് റിക്കവറി ഫെസിലിറ്റികളുടെ പരിപാലനം
- ചില്ല് (ഗ്ലാസ്) മാലിന്യങ്ങളുടെ പുന:ചംക്രമണം
- വിപൽക്കരമായ ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം
- മറ്റ് അജൈവമാലിന്യങ്ങളുടെ സംസ്കരണവും പുനരുപയോഗവും

| | | | |
|---|---|---|---|
| | | | • കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള ചുമതലയും CKCL നെ ഏല്പിച്ചിട്ടുണ്ട്. |
| (സി) | ഓരോ ഏജൻസിയിലും ദിവസവേതനക്കാർ ഉൾപ്പെടെ ഏതൊക്കെ തസ്തികകളിൽ എത്ര വീതം ഉദ്യോഗസ്ഥരും ജോലിക്കാരും പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ; | (സി) | ലഭ്യമാണ്. ശുചിത്വ മിഷനിലെ ഉദ്യോഗസ്ഥരുടെ വിവരം അനുബന്ധം ആയി ഉൾപ്പെടുത്തിയിരിക്കുന്നു<br>ക്ലീൻ കേരള കമ്പനിയിൽ എം.ഡി ഉൾപ്പെടെ 15 പേർ കോൺട്രാക്ട് അടിസ്ഥാനത്തിലും, 4 പേർ ദിവസവേതന അടിസ്ഥാനത്തിലുമാണ് ജോലി ചെയ്യുന്നത്.<br>കരാർ ജീവനക്കാർ<br>മാനേജിങ് ഡയറക്ടർ -1<br>അസിസ്റ്റന്റ് മാനേജർ -9<br>സിവിൽ എൻജിനീയർ -1<br>അക്കൗണ്ടന്റ് - 1<br>അകൗണ്ട്സ് അസിസ്റ്റന്റ്- 1<br>പ്രോജക്ട് എക്സിക്യൂട്ടീവ്- 2<br>ദിവസ വേതനക്കാർ<br>ക്ലറിക്കൽ അസിസ്റ്റന്റ്- 2<br>ഓഫീസ് അസിസ്റ്റന്റ് -2 |
| (ഡി) | ഓരോ ഏജൻസിയുടെയും പ്രതിവർഷ ചെലവ് എത്രയാണെന്ന് വിശദമാക്കുമോ? | (ഡി) | ശുചിത്വ മിഷന്റെ (സംസ്ഥാന മിഷന്റെയും, ജില്ലാ മിഷനുകളുടെയും) ആകെ വാർഷിക ചെലവ് (2018-19) സാമ്പത്തിക വർഷത്തിൽ 626.62 ലക്ഷം രൂപയാണ്. സംരംഭക മാതൃകയിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനിയുടെ ദൈനംദിന പ്രവർത്തനത്തിനായി സർക്കാർ ഫണ്ട് നൽകുന്നില്ല. ക്ലീൻ കേരള കമ്പനിയുടെ ആകെ വാർഷിക ചെലവ് (2018-19) സാമ്പത്തിക വർഷത്തിൽ Rs.97,36,388/- രൂപയാണ് |

സെക്ഷൻ ഓഫീസർ

അനുബന്ധം

## സംസ്ഥാന ശുചിത്വമിഷൻ ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നമ്പർ | തസ്തിക | നിയമനരീതിയും എണ്ണവും | | |
|---|---|---|---|---|
| | | അന്യത്ര സേവനം | കരാർ | ദിവസന വേതനം |
| 1. | എക്സിക്യൂട്ടീവ് ഡയറക്ടർ | | | |
| 2. | ഡയറക്ടർ (ഓപ്പറേഷൻസ്) | | 1 | |
| 3. | ഡയറക്ടർ (കുടിവെള്ളം) | 1 (ഒഴിഞ്ഞ് കിടക്കുന്നു) | | |
| 4. | ഡയറ്കടർ (എൽ.ഡബ്ല്യൂ.എം) | 1 (ഒഴിഞ്ഞ് കിടക്കുന്നു) | | |
| 5. | ഡയറ്കടർ (എസ്.ഡബ്ല്യൂ.എം.) | 1 (ഒഴിഞ്ഞ് കിടക്കുന്നു) | | |
| 6. | പ്രോഗ്രാം ഓഫീസർ (ഹെൽത്ത് ) | 1 (ഒഴിഞ്ഞ് കിടക്കുന്നു) | | |
| 7. | പ്രോഗ്രാം ഓഫീസർ (മോണിറ്ററിംഗ്) | 1 | | |
| 8. | പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്) | 1 | | |
| 9. | സീനിയർ കൺകൾട്ടന്റ് (ഡിസൈൻ) | 1 | | |
| 10. | ഐ.ഇ.സി എക്സ്പർട്ട് | 1 | | |
| 11. | സാനിട്ടേഷൻ എക്സ്പർട്ട് | | 1 | |
| 12. | എൽ.ഡബ്ല്യൂഎം, എക്സ്പർട്ട് | | 1 | |
| 13. | പ്രോഗ്രാം ഓഫീസർ (ഐ.ഇ.സി.) | | 1 | |
| 14. | പ്രോഗ്രാം ഓഫീസർ (സി.സി.ഡി.യു.) | | 1 | |
| 15. | പ്രോഗ്രാം ഓഫീസർ (ഐ.റ്റി) | | 1 | |
| 16. | പ്രോഗ്രാം ഓഫീസർ (ഫിനാൻസ്) | | 1 | |
| 17. | സീനിയർ കൺസൾട്ടന്റ് (ടെക്നോളജി) | | 1 | |
| 18. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | | 1 | |
| 19. | ക്ലാർക്ക് | | 1 | |
| 20. | അക്കൗണ്ടന്റ് | | 2 | |
| 21. | ടൈപ്പിസ്റ്റ് കം ഡാറ്റാ എൻട്രി | | 1 | |
| 22. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | | 1 (സ്കെയിൽ | |
| 23. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ & ക്ലാർക്ക് | | 2 | |
| 24. | ഓഫീസ് അസിസ്റ്റന്റ് | | 6 | 3 |
| 25. | ടെക്നിക്കൽ അസിസ്റ്റന്റ് | | 1 | |
| 26. | ഓഫീസ് അറ്റന്റന്റ് | | 2 | |
| 27. | ഡ്രൈവർ | | 1 | 2 |
| 28. | സെക്യൂരിറ്റി | | 2 (1 സ്കെയിൽ ഓഫ് പേ) | 1 |
| 29. | ഓഫീസ്,കം ഫിനാൻസ് മാനേജർ | | 2 | |
| 30. | ക്യാഷ്വൽ സ്വീപ്പർ | | 2 (കൺസോളിഡേറ്റഡ് പേ) | 1 |

# ജില്ലാ ശുചിത്വമിഷൻ ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം. | തസ്തിക | നിയമന രീതിയും എണ്ണവും | | |
|---|---|---|---|---|
| | | അന്യത്ര സേവനം | കരാർ | ദിവസന വേതനം |
| 1. | ജില്ലാ കൊ-ഓർഡിനേറ്റർ | 14 | -- | |
| 2. | അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം.) | 14 (നിലവിൽ 11 എണ്ണം ഒഴിഞ്ഞു കിടക്കുന്നു. | | 2 |
| 3. | അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) | 14 (നിലവിൽ 12 എണ്ണം ഒഴിഞ്ഞു കിടക്കുന്നു. | | 5 |
| 4. | ടെക്നിക്കൽ കൺസൾട്ടന്റ് | -- | 12 | -- |
| 5. | പ്രോഗ്രാം ഓഫീസർ | | 13 | |
| 6. | അക്കൗണ്ടന്റ് | | 14 | |
| 7. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | | 10 | 3 |
| 8. | ഓഫീസ് അറ്റൻന്റ് | | 4 | 4 |
| 9. | ഡ്രൈവർ കം ഓഫീസ് അറ്റൻന്റ് | | 1 | |
| 10. | ഡ്രൈവർ | | | 1 |
| 11. | ക്യാഷ്വൽ സ്വീപ്പർ | | 4 | |

അസൂത്രണ ഓഫീസർ